# Deepika

## 27 August 2018

## Kochi; After Flood, Flood Relief

### ദുരിതാശ്വാസനിധിയിലേക്ക് സിന്തൈറ്റ് 50 ലക്ഷം നൽകി

കൊച്ചി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സിന്തൈറ്റ് ഇൻഡസ്ട്രീസ് 50 ലക്ഷം രൂപയുടെ ചെക്ക് നൽകി. മാനേജിംഗ് ഡയറക്ടർ ഡോ. വിജു ജേക്കബ് മുഖ്യമന്ത്രി പിണറായി വിജയൻ ചെക്ക് കൈമാറി.

ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവരിലൂടെയും നേരിട്ടും സിന്തൈറ്റ് നടപ്പാക്കിയ 50 ലക്ഷം രൂപയുടെ ദുരിതാശ്വാസ-പുനരധിവാസ പരിപാടികൾക്കു പുറമെയാണ് 50 ലക്ഷത്തിന്റെ ചെക്ക് നൽകിയത്.

സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഹെഡ് ജോൺ ജോഷി സന്നിഹിതനായിരുന്നു



ആലപ്പുഴ ലിയോ തേർട്ടീന്ത് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലെ അംഗങ്ങൾക്കെല്ലാവർക്കും ഓണക്കോടി നല്കാനെത്തിയ ചലച്ചിത്രതാരം ജയറാം അന്തേവാസികളോടു താൻ തൃശൂരിലെ കുതിരാൻ മലയിൽ പ്രളയക്കെടുതിയിൽ കുടുങ്ങിയ സംഭവം വിവരിക്കുന്നു.